"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

പൊതു വിദ്യാഭ്യാസ വകപ്പ് - ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരായിരുന്ന ശ്രീമതി ബിന്ദു ജി.ഐ., ശ്രീമതി ബിന്ദു ആർ., (നിലവിൽ **QIP DDE**), ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പിഎ.മാരായിരുന്ന ശ്രീ.ജോസ് പ്രകാശ്, ശ്രീമതി മഞ്ജുള എം.എസ്. എന്നിവർക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ എ.ഡി.പി.ഐ (ജനറൽ)നെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.**1565/2026/GEDN** തീയതി,തിരുവനന്തപുരം, **23-02-2026**

---

പരാമർശം:-

1. കുറ്റാരോപിതർക്ക് സർക്കാർ നൽകിയ **12/11/2025**-ലെ ഡിഎ**1/184/2024**-പൊ.വി.വ നമ്പർ കാണിക്കൽ നോട്ടീസ്/ കുറ്റപത്രവും കുറ്റാരോപണ പത്രികയും
2. കുറ്റാരോപിതർ സർക്കാരിൽ സമർപ്പിച്ച പ്രതിവാദ പത്രിക
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **19/01/2026**- ലെ ഡി.ജി.ഇ/**20371/2024**/വിഎ2 നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം, ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ **10/09/2024**-ന് നടത്തിയ മിന്നൽ പരിശോധനയിൽ സാമ്പത്തിക ക്രയവിക്രയങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നതിൽ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ ടി വീഴ്ചകൾക്ക് കാരണക്കാരായി കണ്ടെത്തിയ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറായി സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി.ബിന്ദു ജി.ഐ.യ്ക്കെതിരെ കെ.എസ്.ആർ. ഭാഗം **III** റൂൾ **3** (ബി) പ്രകാരവും സർവീസിൽ തുടരുന്ന ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീമതി ബിന്ദു. ആർ,(നിലവിൽ **QIP DDE**), ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പിഎ.മാരായിരുന്ന ശ്രീ.ജോസ് പ്രകാശ്, ശ്രീമതി.മഞ്ജുള.എംഎസ്. എന്നിവർക്കെതിരെ കെ.സി.എസ്. (സി.സി.&എ)

ചട്ടം 15 പ്രകാരവും അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (1) പ്രകാരം കാരണം കാണിക്കൽ നോട്ടീസ്/ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിരുന്നു. ടി കുറ്റപത്രത്തിന്മേൽ ടിയാളുകൾ പരാമർശം (2) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

2)ടി പ്രതിവാദ പത്രികയിന്മേൽ പരാമർശം (3) കത്ത് പ്രകാരം മേൽ ജീവനക്കാർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടിയാളുകൾക്ക് എതിരായ കുറ്റങ്ങൾ നിഷേധിക്കുന്നു എന്നതിനാലും, ഇവർ സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിക്കേണ്ടതുണ്ട് എന്നതിനാലും തുടർ നടപടിയുടെ ഭാഗമായി ഈ വിഷയത്തിൽ ചട്ട പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്താവുന്നതാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ശിപാർശ ചെയ്യുകയുണ്ടായി.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (1) കുറ്റപത്രത്തിന്മേൽ ശ്രീമതി.ബിന്ദു.ജി.ഐ., ശ്രീമതി. ബിന്ദു.ആർ. , ശ്രീ.ജോസ് പ്രകാശ്, ശ്രീമതി.മഞ്ജുള.എംഎസ്. എന്നിവർ സമർപ്പിച്ച പരാമർശം (2) പ്രതിവാദ പത്രികയിലെ വിശദീകരണം തൃപ്തികരമല്ലാത്തതിനാലും പൊതുവിദ്യാഭ്യസ ഡയറക്ടറുടെ പരാമർശം (3)-ലെ ശിപാർശയുടെ അടിസ്ഥാനത്തിലും മേൽ ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി കെ.എസ്.ആർ. ഭാഗം 111 റൂൾ 3 (ബി)/ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പിലും) ചട്ടം 15 പ്രകാരം തുടരുവാൻ തീരുമാനിക്കുകയും ആയതിന്റെ ഭാഗമായ ഔപചാരിക അന്വേഷണം നടത്തുന്നതിന് (ജോയിന്റ് എൻക്വയറി) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ (ജനൽ) നെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്യുന്നു.

4)അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനകം റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി ബിന്ദു.ജി.ഐ., ശ്രീമതി ബിന്ദു ആർ. , ശ്രീ.ജോസ് പ്രകാശ്, ശ്രീമതി മഞ്ജുള എംഎസ്. എന്നിവർക്ക് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ (ജനറൽ) (പരാമർശം (1) കാരണം കാണിക്കൽ നോട്ടീസ്/കുറ്റപത്രം & കുറ്റാരോപണ പത്രിക, പരാമർശം (2) പ്രതിവാദ പ്രതിക

എന്നിവയുടെ പകർപ്പുകൾ സഹിതം)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ (പൊ.വി-ഡി.എ1/184/2024/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

Signed by

Dhanya M B

Date: 24-02-2026 10:18:23

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ.യ്ക്ക്